**HADIA CSE Khutba Notes (15.12.2017)**

# പർദയും ബീവി ആഇശ(റ)യും

സാമൂഹിക മാധ്യമങ്ങളിൽ (സോഷ്യൽ മീഡിയ) ഇടക്കിടെ ഉയർന്ന് വരാറുള്ള ഒന്നാണ് ഇസ്‌ലാമിനെയും ഇസ്‌ലാമിക ചിഹ്നങ്ങളെയും പരിഹസിച്ച് കൊണ്ടുള്ള വിവാദങ്ങൾ. ഇതിന്റെ ഏറ്റവും പുതിയ ഉദാഹരണമാണല്ലോ മലപ്പുറത്തെ ഫ്ളാഷ് മോബ്. പ്രസ്തുത ചർച്ച ഇപ്പോൾ എത്തിനിൽക്കുന്നത് മുസ്‌ലിം സ്ത്രീകളുടെ വേഷമായ പർദയിലാണ്. ചർച്ചയുടെ ചുരുക്കമിങ്ങനെയാണ്:

'പർദ സ്ത്രീകളെ അടിച്ചമർത്തുകയാണ് ചെയ്യുന്നത്. അത് അവരുടെ നാനോന്മുഖ വികാസത്തെ ഹനിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു.'

എന്നാൽ ഇത്തരം വിവാദ സ്രഷ്ടാക്കളോട് നാം വിശ്വാസികൾക്ക് ഒന്നേ പറയാനുള്ളൂ: കേരളത്തിൽ ഇപ്പോൾ ബലാൽക്കാരമായി പർദ ധരിപ്പിക്കുന്ന സാഹചര്യം നിലനിൽക്കുന്നില്ല. ചില മുസ്‌ലിം സ്ത്രീകൾ അത് ഉപയോഗിക്കുന്നുണ്ടെങ്കിൽ അത് അവരുടെ ഇഷ്ടവും സ്വാതന്ത്ര്യവുമാണ്. പർദ കൊണ്ട് സ്ത്രീകൾ ഒരിക്കലും അടിച്ചമർത്തപ്പെടുന്നില്ലെന്നതിന് ഇസ്‌ലാമിന്റെ കഴിഞ്ഞ കാലത്തെ ശോഭന ചരിത്രം സാക്ഷിയാണ്. വിശിഷ്യാ, നാമെല്ലാവരും ഏറെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ആഇശ ബീവി (റ)യുടെ ചരിത്രം. ആഇശ ബീവി (റ)ക്ക് ശരീരം മറക്കുന്ന കാര്യത്തിലുണ്ടായിരുന്ന കണിശതയും സൂക്ഷ്മതയും പ്രശസ്തമാണല്ലോ. ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിന് ശേഷം (അഹ്സാബ് 59) മഹതി *ഖിമാറും നിഖാബു*മടക്കം ധരിച്ച് ശരീരം മൂടിപ്പുതച്ച്കൊണ്ടാണ് നടന്നിരുന്നത്. ത്വവാഫ് ചെയ്യുമ്പോൾ പോലും പലപ്പോഴും അവർ നിഖാബ് ധരിച്ചിരുന്നെന്ന് കാണാം. ഒരിക്കൽ പ്രവാചകന്റെ വഫാത്തിന് ശേഷം ആഇശ (റ)ക്ക് ത്വവാഫ് ചെയ്യാൻ താൽപര്യം തോന്നിയപ്പോൾ അന്നത്തെ ഖലീഫ മഹതിക്ക് വേണ്ടി ആളുകളെ മുഴുവൻ ഹറമിൽ നിന്ന് ഒഴിപ്പിച്ചു. മൂടിപ്പുതച്ച തന്റെ ശരീരം പോലും ആരും കാണാതിരിക്കാൻ വഫാതാകുമ്പോൾ മഹതിയുടെ വസ്വിയ്യത്ത് ഇങ്ങനെയായിരുന്നു: എന്നെ രാത്രിയായിരിക്കണം മറമാടേണ്ടത്. ഹിജാബിന്റെ കാര്യത്തിൽ ഇത്ര കാർക്കശ്യം പുലർത്തിയത് കൊണ്ടാണ് ആഇശ ബീവി (റ)യെപ്പറ്റി ഖുർആൻ *മുഹ്സ്വനത്ത്* എന്ന് പ്രത്യേകം പറഞ്ഞത് (നൂർ 23). ചില സംഭവങ്ങൾ നോക്കുക:

عائشة رضي الله عنها تقول عن نفسها: كنت أدخل البيت الذي دفن فيه رسول الله صلى الله عليه وسلم وأبي رضي الله عنه واضعة ثوبي وأقول: إنما هو زوجي وأبي، تقول: فلما دفن عمر رضي الله عنه، والله ما دخلته إلا مشدودة عليَّ ثيابي حياءً من عمر رضي الله عنه.
عن أم علقمة بن أبي علقمة قالت : ( رأيت حفصة بنت عبد الرحمن بن أبي بكر دخلت على عائشة وعليها خمار رقيق يشف عن جبينها فشقته عائشة عليها وقالت : أما تعلمين ما أنزل الله في سورة النور ؟ ثم دعت بخمار فكستها) (موطا مالك)
ودخلت نسوة من بني تميم على عائشة رضي الله عنها عليهن ثياب رقاق فقالت عائشة : إن كنتن مؤمنات فليس هذا بلباس المؤمنات وإن كنتن غير مؤمنات فتمتعن به وأدخلت امرأة عروس على عائشة رضي الله عنها وعليها خمار قبطي معصفر فلما رأتها قالت : لم تؤمن بسورة النور امرأة تلبس هذا (قرطبي)

മറയുടെ കാര്യത്തിൽ ഇത്ര ശ്രദ്ധ കർമം കൊണ്ടും നിർദേശം കൊണ്ടും പാലിച്ച ആഇശ ബീവി (റ)ക്ക് പക്ഷേ, അത് വളർച്ചക്കോ ഉയർച്ചക്കോ തടസ്സമായില്ല. സ്ത്രീകളുടെ കൂട്ടത്തിൽ ചരിത്രം ദർശിച്ച ഏറ്റവും വലിയ പ്രതിഭ എന്നാണ് മഹതിയെ ചരിത്രകാരനായ ഇമാം ഇബ്നു കസീർ വിളിക്കുന്നത് *(അൽ ബിദായതു വന്നിഹായ)*.

മഹതിയുടെ പ്രാഗൽഭ്യം പ്രകടമാകുന്ന ചില മേഖലകൾ നോക്കുക:

**HADIA CSE Khutba Notes (15.12.2017)**

# പർദയും ബീവി ആഇശ(റ)യും

**പാണ്ഡിത്യം:** ഖുർആനിലും ഹദീസിലും കർമശാസ്ത്രത്തിലും അഗാധ പണ്ഡിതയായിരുന്നു ആഇശ ബീവി (റ). അബൂബക്റി(റ)ന്റെ കാലം മുതൽ തന്നെ മഹതി ഫത് വ നൽകിയിരുന്നു. ഉമർ (റ) സ്ത്രീ സംബന്ധമായ മസ്അലകളിൽ അഭിപ്രായം തേടിയിരുന്നത് ആഇശ (റ)യോടായിരുന്നു. അന്നത്തെ പല പ്രമുഖ സ്വഹാബികളും അവരുടെ മദ്റസയിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളായിരുന്നു.

أبو موسى الأشعري : ما أشكل علينا -أصحاب رسول الله صلي الله عليه وسلم حديث قط، فسألنا عائشة إلا وجدنا عندها منه علماً.

عن هشام عن أبيه عروة قال: لقد صحبت عائشة، فما رأيت أحدا قط كان أعلم بآية أنزلت، ولا بفريضة، ولا بسنة، ولا بشعر، ولا أروى له، ولا بيوم من أيام العرب، ولا بنسب، ولا بكذا، ولا بكذا، ولا بقضاء، ولا طب، منها.

عن قبيصة بن ذؤيب قال: كانت عائشة أعلم الناس يسألها أكابر الصحابة.

عن الزهرى : لو جمع علم عائشة إلى علم جميع أزواجه وعلم جميع النساء لكان علم عائشة أفضل.

عطاء بن أبى رباح يقول : كانت عائشة أفقه الناس وأعلم الناس واحسن الناس رأيا فى العامة.

عن مسروق قال نحلف بالله لقد رأينا الأكابر من أصحاب رسول الله صلى الله عليه و سلم يسألون عائشة عن الفرائض.

عن القاسم بن محمد، قال: كانت عائشة قد استقلت بالفتوى زمن أبي بكر وعمر وعثمان، وهلم جرا إلى أن ماتت.
أبو عمر بن عبد البر: إن عائشة كانت وحيدة بعصرها في ثلاثة علوم علم الفقه وعلم الطب وعلم الشعر.

കാവ്യശാസ്ത്രത്തിനും ചരിത്രത്തിനും പുറമെ വൈദ്യത്തിലും (മെഡിക്കൽ സയൻസ്) ആഇശ (റ)ക്ക് പ്രത്യേക വ്യുൽപത്തി ഉണ്ടായിരുന്നു. ഉർവ (റ) പറയുന്നു: വൈദ്യശാസ്ത്രത്തിൽ മഹതിയെപ്പോലെ അറിവുള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല.

قال عروة بن الزبير لعائشة: يا أمتاه لا أعجب من فقهك أقول: زوجة نبي الله وابنة أبي بكر، ولا أعجب من علمك بالشعر وأيام الناس أقول: ابنة أبي بكر وكان أعلم الناس، ولكن أعجب من علمك بالطب، من أين هو؟ قالت عائشة: (أي عريّة، إن رسول الله كان يسقم عندي آخر عمره، وكانت تقدم عليه وفود العرب من كل وجه فتنعت له الأنعات، وكنت أعالجها له، فمن ثمّ)

പ്രസ്തുത വിഷയങ്ങളിലൊന്നും ബീവി (റ)ക്ക് കേവല പാണ്ഡിത്യമായിരുന്നില്ല. ആഴത്തിലുള്ള അറിവായിരുന്നു. കാരണം, ഏതു കാര്യവും കൃത്യമായി അറിഞ്ഞ് ബോധ്യപ്പെടുന്നത് വരെ അവർ അംഗീകരിച്ചിരുന്നില്ല.

فقد قال عنها ابن أبي مليكة فقد كانت لا تسمع شيئا لا تعرفه إلا راجعت فيه حتى تعرفه.

**HADIA CSE Khutba Notes (15.12.2017)**

# പർദയും ബീവി ആഇശ(റ)യും

അതുകൊണ്ട് തന്നെ പല പ്രധാന വിഷയങ്ങളിലും പൊതുവെ പ്രമുഖ സ്വഹാബികൾ വെച്ച് പുലർത്തിയിരുന്ന അഭിപ്രായങ്ങളോട് വിയോജിച്ചിട്ടുണ്ട് ആഇശാ ബീവി (റ). ഇത്തരം കാര്യങ്ങൾ മാത്രം ക്രോഡീകരിക്കപ്പെട്ട ഗ്രന്ഥങ്ങൾ ഇസ്‌ലാമിക ലോകത്തുണ്ട്. ഉദാഹരണം, പ്രവാചകൻ (സ്വ) മിഅ്റാജിന്റെ രാവിൽ അല്ലാഹുവിനെ കണ്ടുവെന്ന് ഭൂരിപക്ഷം സ്വഹാബത്തും പറയുമ്പോൾ ആഇശ (റ) ഇല്ല എന്ന അഭിപ്രായക്കാരിയാണ്.

عَنْ مَسْرُوق قَالَ كُنْتُ مُتَّكِئًا عِنْدَ عَائِشَةَ فَقَالَتْ يَا أَبَا عَائِشَةَ ثَلَاثٌ مَنْ تَكَلَّمَ بِوَاحِدَةٍ مِنْهُنَّ فَقَدْ أَعْظَمَ عَلَى اللَّهِ الْفِرْيَةَ قُلْتُ مَا هُنَّ قَالَتْ مَنْ زَعَمَ أَنَّ مُحَمَّدًا صَلَّى اللَّهُ عَلَيْهِ وَسَلَّمَ رَأَى رَبَّهُ فَقَدْ أَعْظَمَ عَلَى اللَّهِ الْفِرْيَةَ قَالَ وَكُنْتُ مُتَّكِئًا فَجَلَسْتُ فَقُلْتُ يَا أُمَّ الْمُؤْمِنِينَ أَنْظِرِينِي وَلَا تَعْجَلِينِي أَلَمْ يَقُلْ اللَّهُ عَزَّ وَجَلَّ { وَلَقَدْ رَآهُ بِالْأُفُقِ الْمُبِينِ } { وَلَقَدْ رَآهُ نَزْلَةً أُخْرَى }
فَقَالَتْ أَنَا أَوَّلُ هَذِهِ الْأُمَّةِ سَأَلَ عَنْ ذَلِكَ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ فَقَالَ إِنَّمَا هُوَ جِبْرِيلُ (متفق عليه)

**സാഹിത്യം:** ഒറ്റയിരിപ്പിന് 70 ഉം അതിലധികവും കവിതകൾ ആഇശ ബീവി (റ) ഉദ്ധരിച്ചിരുന്നു. മഹതിയോട് സംസാരിച്ച ശേഷം മുആവിയ (റ) പറയുന്നു: അവരെക്കാൾ നല്ല ഒരു സാഹിത്യകാരിയെ ഞാൻ ശ്രവിച്ചിട്ടില്ല.

وعن سفيان قال سأل معاوية زيادا أي الناس أبلغ قال أنت يا أمير المؤمنين قال أعزم عليك قال إذا عزمت على فعائشة فقال معاوية مافتحت بابا قط تريد أن تغلقه إلا أغلقته ولاأغلقت بابا قط تريد أن تفتحه إلا فتحته.

മൂസാ ബിൻ ത്വൽഹ (റ): ആഇശ (റ)യെക്കാൾ മികച്ച ഒരു സാഹിത്യകാരിയെ ഞാൻ കണ്ടിട്ടില്ല. ഒരിക്കൽ പിതാവിനെതിരെ ചിലർ ഉദ്ധരിച്ച ആരോപണത്തിന് നൽകിയ മറുപടിയിൽ നിന്ന് തന്നെ മഹതിയുടെ ഭാഷാ പരിജ്ഞാനം നമുക്ക് മനസ്സിലാക്കാം.

بلغ عائشة رضي الله عنها أن أقواما يتناولون من أبي بكر رضي الله عنه فأرسلت إلى أزفلة منهم فلما حضروا سدلت أستارها ثم دنت فحمدت الله تعالى وصلت على نبيه محمد صلى الله عليه و سلم وعذلت وقرعت ثم قالت
أبي وما أبيه أبي والله لا تعطوه الأيدي ذاك طود منيف وفرع مديد هيهات كذبت الظنون أنجح إذ أكديتم وسبق إذ ونيتم سبق الجواد إذا إستولى على الأمد فتى قريش ناشئا وكهفها كهلا يفك عانيها ويريش مملقها ويرأب شعبها حتى حليته قلوبها ثم استشرى في الله تعالى فما برحت شكيمته في ذات الله تعالى حتى اتخذ بفنائه مسجدا يحيى فيه ما أمات المبطلون وكان رحمه الله غزير الدمعة وقيذ الجوارح شجى النشيج فانقصفت إليه نسوان مكة وولدانها يسخرون منه ويستهزئون به الله يستهزىء بهم ويمدهم في طغيانهم يعمهون فأكبرت ذلك رجالات قريش فحنت له قسيها وفوقت له سهامها انتثلوه غرضا فما فلوا له صفاة ولا قصفوا له قناة ومر على سيسائه حتى إذا ضرب الدين بجرانه ألقى بركه ورست أوتاده ودخل الناس فيه أفواجا ومن كل فرقة أرسالا وأشتاتا اختار الله عز و جل لنبيه صلى الله عليه و سلم ماعنده فلما قبض صلى الله عليه و سلم نصب الشيطان رواقه ومد طنبه ونصب حبائله وظن رجال أن قد تحققت أطماعهم ولات حين مناص وأبي الصديق بين أظهرهم فقام حاسرا مشمرا فجمع حاشيته ورفع قطريه فرد نشر الإسلام على غربه ولم شعثه بطيه وأقام أوده بثقافة فاندفر النفاق بوطأته وانتاش الدين فنعشه فلما أراح الحق إلى أهله وقرر الرؤوس على كواهلها وحقن الدماء في أهبها أتته ميتته فسد ثلمته بنظيره في المرحمة وشقيقه في السيرة والمعدلة ذاك عمر بن الخطاب لله أم حملت به ودرت عليه لقد أوحدت به ففنخ الكفرة وديخها وشرد الشرك شذر مذر وبعج الأرض وبخعها فقاءت أكلها ولفظت

**HADIA CSE Khutba Notes (15.12.2017)**

## പർദയും ബീവി ആഇശ(റ)യും

خبيئها تر أمه ويصدف عنها وتصدى له ويأباها ثم ورع فيها وودعها كما صحبها فأروني ماتريبون وأي يوم تنقمون أيوم إقامته إذ عدل فيكم أم يوم ظعنه فقد نظر لكم أستغفر الله العظيم لي ولكم (تفسير كلمات غريبة فيه

الأزفلة الجماعة وتعطوه تناوله والطود الجبل والمنيف المشرف وأكديتم خبتم ويئس من خيركم ونيتم فترتم والأمد الغاية والمملق الفقير ويرأب يجمع والشعب المتفرق واستشرى احتد والشكيمة الأنفة والحمية والوقيذ العليل والجوارح معروفة وفي رواية الجوانح وهي الضلوع القصار التي تقرب من الفؤاد والشجى الحزين والنشيج صوت البكاء وانتثلوه مأخوذ من النثلة وهي الجعبة وفلوا كسروا والصفاة الصخرة الملساء وقولها على سيسائه أي على شده والجران الصدر وهو البرك ومعنى فرفع حاشيته وجمع قطريه تحزم للأمر وتأهب والقطر الناحية فرد نشر الإسلام على غربه كذا وقع في الرواية والصواب على غرة أي على طية والأود العوج والثقاف تقويم الرماح وغيرها وإندفر تفرق وإنتاش الدين أي أزال عنه ما يخاف عليه ونعشه رفعه فنخ الكفرة أي أذلها وديخها أي دوخها وفي رواية ذنخها بالنون أي صغرها شذر مذر أي تفريقا وبعج الأرض أي شقها وكذلك بخعها وتر أمه أي تعطف عليه وتصدى له تعرض) (صفة الصفوة)

ഇബ്നു അബീ സിയാദ് പറയുന്നു:

قال عبد الرحمن بن أبي الزناد عن أبيه ما رأيت أحدا أروى بشعر من عروة فقيل له ما أرواك يا أبا عبد الله قال وما روايتي في رواية عائشة ما كان ينزل بها شيء الا أنشدت فيه شعرا.

**പ്രഭാഷണം:** ഗാംഭീര്യം സ്ഫുരിക്കുന്ന ഉയർന്ന ശബ്ദത്തിന്റെ ഉടമയായിരുന്നു ആഇശാ ബിവി (റ). അതുകൊണ്ട് മഹതി നന്നായി പ്രസംഗിക്കുമായിരുന്നു.

عن الاحنف، قال: سمعت خطبة أبي بكر وعمر وعثمان وعلي والخلفاء بعدهم، فما سمعت الكلام من فم مخلوق أفخم ولا أحسن منه من في عائشة.

ജമൽ യുദ്ധ ദിവസം മഹതി നടത്തിയ പ്രസംഗം പ്രശസ്തമാണ്.

تحدثت يوم الجمل فقالت: ايها الناس...ان لي عليكم حق الامومة.. وحرمة الموعظة.. لا يتهمني الا من عصى ربه.. مات رسول الله صلى الله عليه وسلم بين سحري ونحري.. وانا احدى نسائه في الجنة له ادخرني ربي.. وسلمني من كل بضاعة.. وبي ميز بين منافقكم ومؤمنكم.. وبي رخص الله لكم في صعيد الابواء.. ثم ابي ثالث ثلاثة من المؤمنين وثاني اثنين الله ثالثهما.. واول من سمي صديقاً.. مضى رسول الله صلى الله عليه راضياً عنه وطوقه طوق الامامة.. ثم اضطرب حبل الدين فمسك أبي بطرفيه ورتق لكم فتق النفاق.. واغاض نبع الردة.

**ഹദീസ് സാഹിത്യം:** അബൂഹുറൈറ (റ) കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചത് ആഇശ ബീവി (റ)യാണ്; 2210. അതുപോലെ ഇബ്നു അബ്ബാസ്, അനസ്, ഇബ്നു ഉമർ, അബൂ ഹുറൈറ (റ) എന്നീ നാല് സ്വഹാബികളെ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ഹദീസുകൾ മനഃപാഠമുള്ളത് ബീവിക്കായിരുന്നു.

**HADIA CSE Khutba Notes (15.12.2017)**

# പർദയും ബീവി ആഇശ(റ)യും

**അധ്യാപനം:** പ്രവാചകർക്ക് ശേഷം ഇസ്‌ലാമിക ചരിത്രത്തിലെ ആദ്യത്തെ മദ്റസ (മതപഠനശാല) ആഇശ (റ)യുടെ വീട്ടിൽ സ്ഥാപിച്ചതായിരുന്നു. ധാരാളം ആണുങ്ങളും പെണ്ണുങ്ങളും ഇതിൽ സ്ഥിരമായി പങ്കെടുത്തിരുന്നു. തന്റെയും പുരുഷൻമാരുടെയും ഇടയിൽ ഒരു മറ തൂക്കിയായിരുന്നു മഹതി അധ്യാപനം നടത്തിയിരുന്നത്. അധ്യാപനത്തിൽ അവർക്ക് സ്വന്തമായ ഒരു ശൈലിയും താളവുമുണ്ടായിരുന്നെന്ന് ശിഷ്യൻമാർ രേഖപ്പെടുത്തുന്നു. ഇമാം മസ്‌റൂഖ് പറയുന്നു:

سمعت تصفيقها بيديها من وراء الحجاب.

മദീന സന്ദർശിക്കാൻ വരുന്നവരെ ഉദ്ദേശിച്ച് അവിടെയും ഹജ്ജിനും ഉംറക്കും വരുന്നവരെ ഉദ്ദേശിച്ച് മക്കയിലും പ്രത്യേകം ടെന്റുകൾ കെട്ടി ക്ലാസെടുത്തിരുന്നു ആഇശാ ബീവി (റ).

**സാമൂഹിക പങ്കാളിത്തം:** സാമൂഹിക നിർമിതിയിൽ പങ്കാളിത്തം വഹിക്കുകയും സമൂഹത്തിന്റെ അപഥ സഞ്ചാരങ്ങളെ തിരുത്തുകയും ചെയ്തിരുന്നു ആഇശാ (റ). അബൂബക്റി(റ)ന്റെയും ഉമറി(റ)ന്റെയും കാലത്തും ഉസ്മാന്റെ(റ) ആദ്യ കാലത്തും വലിയ കുഴപ്പങ്ങൾ സമൂഹത്തിൽ ദൃശ്യമായിരുന്നില്ലല്ലോ. പിന്നീട് പല അഭിപ്രായ വ്യത്യാസങ്ങളും ഉടലെടുത്തപ്പോൾ സാമൂഹിക നന്മ ഉദ്ദേശിച്ച് ആഇശ (റ) പ്രശ്നപരിഹാരത്തിന് സജീവമായി ഇടപെട്ടു. ഇതിന്റെ ഭാഗമായിരുന്നു ജമൽ യുദ്ധത്തിലെ പങ്കാളിത്തം.

ഖലീഫമാരോടുള്ള വീക്ഷണ വ്യത്യാസവും മഹതി ഗുണകാംക്ഷാപൂർവം സൂചിപ്പിച്ചിരുന്നു.

ഒന്ന് രണ്ട് ഉദാഹരണങ്ങൾ:

فعندما غضب الخليفة عثمان على عمّار بن ياسر رضي الله عنهما ويقال بأنه ضربه وشتمه. نددت السيدة عائشة بفعله هذا وقالت على الملأ : ما أسرع ما تركتم سنة نبيكم، وهذا شعره وثوبه ونعله لم يبل بعد. وحينما عزل عثمان عبد الله بن مسعود عن بيت مال الكوفة. ونال منه وشتمه. غضبت عائشة وقالت: أي عثمان، أتقول هذا لصاحب رسول الله..؟
وولّى عثمان على الكوفة أخاه من أمه الوليد بن عقبة، فبرم به أهلها وكرهوه، وأتى وفد منهم إلى عثمان يشكونه.
وحدث أمر مشابه مع ولاة عثمان في مصر والبصرة.. وفي كل ذلك كانت السيدة عائشة تعلن رأيها صراحة على الملأ.

**സ്ത്രീ ശാക്തീകരണം:** സ്ത്രീകളെ സമുദ്ധരിക്കുന്നതിലും ഉത്ബുദ്ധരാക്കുന്നതിലും മഹതി ഏറെ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ട് തന്നെ നാട്ടിലെ സ്വഹാബി വനിതകൾക്ക് അവരുമായി പ്രത്യേക അടുപ്പം ഉണ്ടായിരുന്നു. സ്ത്രീകൾ അവരുടെ സ്വകാര്യവിവരങ്ങൾ പലപ്പോഴും പങ്ക് വെച്ചിരുന്നതും ചോദിച്ചറിഞ്ഞിരുന്നതും ബീവിയോടായിരുന്നു.

വീടുകളിൽ ഭർത്താക്കൻമാരുടെ അടുത്ത് ഭാര്യമാർക്ക് ഇസ്‌ലാം വകവെച്ച് നൽകുന്ന സ്വാതന്ത്ര്യത്തിന് സഹോദരിമാർ കടപ്പെട്ടിട്ടുള്ളത് ആഇശാ ബീവി (റ)യോടാണ്. കാരണം, അവരുടെ പ്രവാചകരോടുള്ള തുറന്ന സമീപനവും ആവശ്യമെങ്കിൽ തർക്കിച്ചും തർക്കുത്തരം പറഞ്ഞുമുള്ള ശൈലിയും സ്വഹാബത്തിന്റെ വീടുകളിൽ സ്ത്രീകൾക്കുള്ള മഹത്വം വർധിപ്പിച്ചു. ഒരിക്കൽ എത്യോപ്യയിൽ നിന്ന് വന്ന ചിലർ മദീന പള്ളിയിൽ വെച്ച് ആയോധന കലകൾ പ്രദർശിപ്പിക്കുകയുണ്ടായി. പ്രവാചകൻ (സ്വ) ആഇശ (റ)യെ ഇത് കാണാൻ ക്ഷണിച്ചു. ഈ സംഭവം ഓർത്തുകൊണ്ട് മഹതി പിന്നീടൊരിക്കൽ പറഞ്ഞു:

**HADIA CSE Khutba Notes (15.12.2017)**

## പർദയും ബീവി ആഇശ(റ)യും

فاقدرُوا قدرَ الجارية الحديثة السنِّ ، الحريصةِ على اللهو (متفق عليه)

ഒരിക്കൽ പിണക്കമുണ്ടായപ്പോൾ ആഇശ (റ) പ്രവാചകരോട് പറഞ്ഞു: അങ്ങാണോ അല്ലാഹുവിന്റെ റസൂലെന്ന് വാദിക്കുന്ന വ്യക്തി?

عَنْ عَائِشَةَ - رضى الله عنها - قَالَتْ قَالَ رَسُولُ اللَّهِ - صلى الله عليه وسلم - « إِنِّى لأَعْرِفُ غَضَبَكِ وَرِضَاكِ » . قَالَتْ قُلْتُ وَكَيْفَ تَعْرِفُ ذَاكَ يَا رَسُولَ اللَّهِ قَالَ « إِنَّكِ إِذَا كُنْتِ رَاضِيَةً قُلْتِ بَلَى وَرَبِّ مُحَمَّدٍ وَإِذَا كُنْتِ سَاخِطَةً قُلْتِ لاَ وَرَبِّ إِبْرَاهِيمَ » . قَالَتْ قُلْتُ أَجَلْ لَسْتُ أُهَاجِرُ إِلاَّ اسْمَكَ . (متفق عليه)

പെണ്ണുങ്ങളുടെ അന്തസ്സ് വർധിപ്പിക്കുക മാത്രമല്ല അവർക്കുവേണ്ടി വാദിക്കുക കൂടി ചെയ്തിരുന്നു ബീവി (റ).

‘പെണ്ണും കഴുതയും പട്ടിയും നിസ്കാരത്തിന് ഭംഗം വരുത്തും’ എന്ന ഒരു ഹദീസ് ഉണ്ടല്ലോ. ഒരിക്കൽ അബൂഹുറൈറ (റ) പ്രസ്തുത ഹദീസ് ഉദ്ധരിച്ചപ്പോൾ ആഇശ (റ) എതിർത്തു:

‘നിങ്ങൾ ആണുങ്ങൾക്ക് ഞങ്ങളെ കഴുതകളോടും പട്ടികളോടും തുലനം ചെയ്യണം അല്ലേ? പണ്ട് ആളുകൾ അങ്ങനെ കരുതിയിരുന്നെന്നാണ് അപ്പറഞ്ഞതിന്റെ അർത്ഥം’.

ചുരുക്കത്തിൽ, ഒരു പെണ്ണിന് എത്തിപ്പിടിക്കാൻ കഴിയുന്ന മിക്ക സ്ഥാനവും ആഇശ ബീവി (റ) സമ്പാദിച്ചു; പൂർണമായ ഇസ്‌ലാമിക സംസ്കാരവും വേഷവും പാലിച്ചുകൊണ്ട് തന്നെ. ഇനിയും സമാനമായ നിരവധി മഹിളാരത്നങ്ങളെ ചരിത്രത്തിൽ കാണാം. ഉദാഹരണത്തിന്, പ്രബോധക സ്വഹാബികളായ ഉമ്മുജമീല, ഉമ്മുസുലൈം, ഉമ്മുഹകം.

റുഫൈദ (റ): നബി (സ്വ)യുടെ നിർദേശപ്രകാരം മസ്ജിദുന്നബവിയുടെ അടുത്ത് ഒരു ആശുപത്രി തുടങ്ങി. ഇതിൽ ശസ്ത്രക്രിയ നടത്തിയിരുന്നു *(ത്വബഖാത്ത് ഇബ്നു സഅ്ദ്)*. ഖന്തഖിൽ സഅ്ദ് (റ)ന് മുറിവേറ്റപ്പോൾ ഇവിടെ വെച്ചാണ് ചികിത്സിച്ചത്.

ഇബ്നു ബത്വൂത്വയുടെ രണ്ട് ഉസ്താദുമാർ; ആഇശ, സൈനബ്.

ബുഖാരിയുടെയും ഖത്വീബുൽ ബഗ്ദാദിയുടെയും ഉസ്താദ് കരീമ. നഫീസ (റ)യുടെ ക്ലാസിൽ ഇമാം ശാഫിഈ (റ) പങ്കെടുക്കാറുണ്ടായിരുന്നു. ഇബ്നു അസാക്കിറിന് 80 ലധികവും ഇമാം സുയൂത്വിക്ക് 13 ലധികവും പെൺ ഉസ്താദുമാരുണ്ടായിരുന്നു. ഇവരൊക്കെയാണ് പർദയിട്ട നമ്മുടെ സഹോദരിമാരുടെ മാതൃകകൾ

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**For any clarification: Mob: 9496445823**